ഉത്തരം

(എ) ഓരോ യൂണിറ്റിലും ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് വാഷിംഗ് റാപ്പും കാർ വാഷർ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. പത്തു ബസ്സുകൾക്ക് ഒരു ഗ്യാരേജ് മസ്ദൂർ എന്ന അനുപാതത്തിൽ ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് ജോലിക്കാരെ നൽകാൻ വ്യവസ്ഥയുണ്ട്. ഗ്യാരേജ് മസ്ദൂർ കുറവുള്ള യൂണിറ്റുകളിൽ ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് ബസ്സൊന്നിന് അഞ്ച് രൂപ കൂലി നൽകി കൂലിക്കാരെ നിയോഗിച്ച് ജോലി തീർക്കാനുള്ള അധികാരം യൂണിറ്റ് ഓഫീസർമാർക്കു നൽകിയിട്ടുണ്ട്. കൂടാതെ 25-5-1995 മുതൽ തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ ഓട്ടോവാഷ് സംവിധാനം സജ്ജമാക്കിയത് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) കൂടുതൽ പേരെ സ്ഥിരമായി നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ പാതയിൽ പട്ടം-പ്ലാമൂട് പാലത്തിന്റെ പണികാരണം ബസ്സുകൾ തിരിച്ചു വിടുന്ന നടപടി

92 (2805) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയിൽ പട്ടം-പ്ലാമൂട് പാലത്തിന്റെ പണി കാരണം ബസ്സുകൾ തിരിച്ചു വിടുന്നത് ഏതൊക്കെ റൂട്ടുകളിലൂടെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇങ്ങനെ ബസ്സുകൾ തിരിച്ചു വിടുമ്പോൾ കൂടുതൽ ദൂരം ബസ്സ് ഓടുന്നത് കണക്കിലെടുത്ത് അധികം ചാർജ്ജ് യാത്രക്കാരിൽ നിന്നും ഈടാക്കുന്നുണ്ടോ ;

(സി) തിരുവനന്തപുരത്തേയ്ക്കു വരുന്ന ബസ്സുകൾ മെഡിക്കൽ കോളേജ് കണ്ണംമൂല എം.എൽ.എ ഹോസ്റ്റൽ വഴി പോകുമ്പോൾ ആ റൂട്ടിലെ സ്റ്റോപ്പുകളിൽ തിരിച്ചു വിടുന്ന ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എം.എൽ.എ ഹോസ്റ്റലിനു മുന്നിലെ സ്റ്റോപ്പിൽ ഓർഡിനറി, ഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ ;

(ഇ) എം.എൽ.എ. ഹോസ്റ്റൽ, യൂണിവേഴ്സിറ്റി ഓഫീസ്, എന്നിവ സ്ഥിതിചെയ്യുന്ന സ്റ്റോപ്പിൽ എല്ലാ ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തു നിന്നും പട്ടം വഴി പോകുന്ന ബസ്സുകൾ പി.എം.ജി. ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് ലോ കോളേജ് ജംഗ്ഷൻ, തേക്കുംമൂട്

LIBRARY ARCHIVES Kerala Legislative Assembly

പൊട്ടക്കുഴി വഴി പോകുന്നതിനും കേശവദാസപുരം വഴി തിരുവനന്തപുരത്തേയ്ക്കു വരുന്ന ബസ്സുകൾ പട്ടത്തുനിന്നു തിരിഞ്ഞ് കുറവൻകോണം, വെള്ളയമ്പലം, മ്യൂസിയം വഴി പോകുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ മെഡിക്കൽകോളേജ്, പട്ടം വഴി തിരുവനന്തപുരത്തേയ്ക്കു വരുന്ന ഓർഡിനറി ബസ്സുകൾ മെഡിക്കൽകോളേജ്, കണ്ണംമൂല, ജനറൽ ഹോസ്പിറ്റൽ വഴി ജി.വി. രാജ പവലിയൻ ചുറ്റി സെൻട്രൽ സ്റ്റേഷനിലെത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നഗരത്തിലേർപ്പെടുത്തുന്ന ഗതാഗത നിയന്ത്രണങ്ങൾമൂലം ഇതിൽ മാറ്റം വരാവുന്നതാണ്.

(ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഓടുന്നദൂരം കണക്കാക്കി ചാർജ് ഈടാക്കുന്നു. എന്നാൽ അപ്രതീക്ഷിതമായി കൂടുതൽ ദൂരം ഓടേണ്ടി വന്നാൽ അധികം ചാർജ്ജ് ഈടാക്കാറില്ല.

(സി) ഓർഡിനറി സർവ്വീസുകൾ മാത്രമേ ഈ റൂട്ടിൽ കൂടി തിരിച്ചുവിടാൻ നിർദ്ദേശിച്ചിട്ടുള്ളൂ. ഇങ്ങനെ തിരിച്ചു വിടപ്പെടുന്ന ബസ്സുകൾക്കും നിലവിലുള്ള സ്റ്റോപ്പുകൾ ബാധകമാണ്.

(ഡി) ഇല്ല. സിറ്റി സർവ്വീസ് ബസ്സുകൾക്കു മാത്രമേ സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളൂ.

(ഇ) ഗതാഗതക്കുരുക്ക് അധികമാകാനിടയുള്ളതുകൊണ്ടും തിരിച്ചു വിടുന്നത് താല്ക്കാലികമായി മാത്രമാണെന്നതുകൊണ്ടും എല്ലാ ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിക്കുന്നത് ഉചിതമല്ല.

കോട്ടയം-പാമ്പാടി-മീനടം ബസ്സ് സർവ്വീസ്

93 (2806) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-പാമ്പാടി-പുതുപ്പള്ളി-മീനടം റൂട്ടിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് എസ്.എൻ.പുരത്തേയ്ക്ക് നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും പൊതുസ്ഥാപനങ്ങളും ആരാധനാ സ്ഥലങ്ങളുമുള്ള ഈ പ്രദേശത്തേയ്ക്ക് ബസ് സർവ്വീസ് നീട്ടുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആവശ്യം കോർപ്പറേഷന്റെ പരിഗണനയിലാണ്.

(സി) ഇതു സംബന്ധമായ പരിശോധന റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly